**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 858** **30-06-2022 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തിയ പദ്ധതിയായ അംബേദ്കർ ഗ്രാമ വികസനപദ്ധതി (2016-17) യിലൂടെ ഹാർവ്വിപുരം കോളനി, കൊക്കോട്ട് വയലരികത്ത് കോളനി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല കേന്ദ്രീകരിച്ച് Centre for Skill Excellence എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. പരിശീലനം നടത്തിയവരിൽ 65 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും പട്ടികജാതി, പട്ടിക വർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (ബി) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ 2019-20, 2020-21 വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. 2021-22, 2022-23, വർഷങ്ങളിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് കോളനികൾ സെലക്ട് ചെയ്യേണ്ടതായിട്ടുണ്ട്.<br><br>2019-20, 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല കേന്ദ്രീകരിച്ച് Centre for Skill Excellence എന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നു. പരിശീലനം നേടിയവരിൽ 65 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. കോവിഡ് ലോക്ഡൗണിന് ശേഷം സ്ഥാപനം താത്കാലികമായി പ്രവർത്തനം നിർത്തിയിരുന്നു. സ്ഥാപനം ഉടൻ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം പട്ടികജാതി, പട്ടിക വർഗ്ഗ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ, ബോർഡുകൾ എന്നിവ മുഖാന്തിരവും പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ